



# തായ് ബെൽ ചാമ്പ
## *(Syzygium samarangense)*

തെക്കു കിഴക്ക് ഏഷ്യൻ രാജ്യങ്ങളാണ് ജന്മദേശം. തിളങ്ങുന്ന പച്ചനിറമുള്ള ഇലകളോടു കൂടിയ നിത്യഹരിത വൃക്ഷം. വലുപ്പമുള്ള പഴങ്ങൾ, ഹൃദ്യമായ സ്വാദ്. ചിലയിനങ്ങളുടെ പഴം ഉരുണ്ടതാണെങ്കിലും കൂടുതൽ ഇനങ്ങളിലും പഴങ്ങൾക്ക് ചുവടറ്റം വലുപ്പം വച്ച് ഞെട്ടിന്റെ ഭാഗത്തേക്ക് നേർത്തു വരുന്ന പിയർ ആകൃതിയാണ്.

**ഉത്ഭവം** : തായ്‌ലൻഡ്

**എത്തിച്ചേർന്ന രാജ്യങ്ങൾ** : ഇന്ത്യ, തായ്‌ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ തെക്കൻ-തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ

## വിവരണം

### മരം
സാധാരണയായി 15-20 അടി ഉയരത്തിൽ വളരുന്നു.





### പൂക്കൾ
കുലകളായി പൂക്കൾ വിരിയുന്നു. ചെറുശാഖകളുടെ അഗ്രങ്ങളിലാണ് പൂങ്കുലകളുടെ സ്ഥാനം, കാഴ്ചയ്ക്കും സുന്ദരമാണ്. വെളുപ്പു കലർന്ന പച്ച നിറം. ഓരോ കുലയിലും നാലു പൂക്കൾ വിരിയുന്നു.

### പഴം
പഴങ്ങൾക്ക് പച്ച അല്ലെങ്കിൽ ചുവപ്പ് അല്ലെങ്കിൽ റോസ് നിറമായിരിക്കും. വേനൽക്കാലത്തു വിളയുന്ന പഴമാണിത്. ചെറുമധുരമാണ് സ്വാദ്, പഴങ്ങൾ പച്ചയായി തന്നെ കഴിക്കുന്നു. ജാം, ജെല്ലി, സിറപ്പ് തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ ഉത്തമം. മേൽത്തരം ഇനങ്ങൾക്ക് ഉള്ളിൽ കുരു കാണുകയേയില്ല.



## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ്/ഗ്രാഫ്റ്റ് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്ത് കൃഷി ചെയ്യാം.

**കുഴിയുടെ അളവ്** : മൂന്ന് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ സ്വഭാവം** : പന്തലിച്ചത്

**ഇലത്തഴപ്പിന്റെ ഉയരം** : 20 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഫെബ്രുവരി-മെയ്

**അനുയോജ്യ നടീൽ പ്രദേശം** : താഴ്‌വാര മേഖലകൾ, നിരപ്പായ പ്രദേശങ്ങൾ




## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **ജലസേചനം** : അഞ്ചു ദിവസമോ അതിലധികമോ മഴ തീരെ കുറവാകുകയോ ഇല്ലാതാകുകയോ ചെയ്താൽ പുതുതായി നട്ട തൈകളും വളർച്ചയെത്തിയ ചാമ്പ മരങ്ങളും ആഴ്ചയിലൊന്ന് എന്ന തോതിൽ നനച്ചു കൊടുക്കണം.
- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : പൂർണ സൂര്യപ്രകാശം
- **മണ്ണിന്റെ സ്വഭാവം** : പൊതുവേ ഏതു തരം മണ്ണിലും വളരും
- **താപനില** : 22-36 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 60-80%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **ഭൂപ്രകൃതി** : താഴ്‌വാര പ്രദേശങ്ങൾ, നിരപ്പുസ്ഥലങ്ങൾ, ചെറിയ ചെരിവോടു കൂടിയ സ്ഥലങ്ങൾ
- **മഴ** : 1000-2000 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും 15 അടി
- **കൊമ്പുകോതലും വെട്ടിയൊരുക്കലും** : ആവശ്യമാണ്
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **പരാഗണം** : സ്വയം പരാഗണം

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 150 ഗ്രാം | 250 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 3 കി. ഗ്രാം | 5 കി. ഗ്രാം | 8 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 250 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 5 ലിറ്റർ |
| രണ്ടാം വർഷം | 10 ലിറ്റർ |
| മൂന്നാം വർഷം | 15 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

**പഴയീച്ച** : പഴങ്ങൾ പൊതിഞ്ഞു സംരക്ഷിക്കുക



Document Prepared by
Research and Development department
Homegrown Biotech
Ph: +91 9562066333